LIBRARY ARCHIVES Kerala Legislative Assembly

സ്പീഡ് ഗവർണർ ഘടിപ്പിക്കാൻ നടപടി

341 (3975)ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വാഹനങ്ങൾക്കാണ് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ളത് ;

(ബി) സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ള എല്ലാ വാഹനങ്ങളിലും ആയത് ഘടിപ്പിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത് പാലിച്ചിട്ടില്ലാത്ത വാഹനങ്ങൾ കണ്ടെത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകളിലൂടെ ടിപ്പർ വാഹനങ്ങൾ, എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകൾ, സ്റ്റേജ് കാര്യേജുകൾ, ഹെവിവാഹനങ്ങൾ എന്നിവയ്ക്ക് സ്പീഡ് ഗവർണർ നിർബന്ധ മാക്കിയിട്ടുണ്ട്. 31-12-2012 ജി.എസ്.ആർ. 943(ഇ) പ്രകാരം 3,500 കിലോ ഗ്രാമിൽ കൂടുതൽ ഗ്രോസ്സ് വെഹിക്കിൾ വെയ്റ്റ് ഉള്ള മൊബൈൽ ക്ലിനിക്ക്, എക്സ്-റേ വാൻ, ലൈബ്രറി വാൻ, മൊബൈൽ വർക്ക് ഷോപ്പ്, മൊബൈൽ കാന്റീൻ എന്നിവയ്ക്ക് സ്പീഡ് ഗവർണർ നിർബന്ധമാണ്.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

അരുർ പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്റർ ഓഫീസ് നിർമ്മാണം

342 (3976) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരുർ പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിർമ്മിക്കണമെന്നുള്ള പഞ്ചായത്ത് അധികാരികളുടെ നിവേദനത്തെ തുടർന്ന് പ്രസ്തുത ഓഫീസ് നിർമ്മിക്കുന്നതിന് അനുവാദം നൽകിയിരുന്നോ ;

(ബി) നൽകിയെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിനായി നടത്തിയിട്ടുള്ളത് ;

(സി) പ്രസ്തുത ഓഫീസ് നിർമ്മിക്കുന്നതിന് ഏതെങ്കിലും വകുപ്പിന്റെ എതിർപ്പുണ്ടോ ; ഉണ്ടെങ്കിൽ ഏതു വകുപ്പിന്റെ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ തടസ്സങ്ങൾ മാറ്റി കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) അനുവാദം നൽകിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഒരു രീതിയിലുമുള്ള പുതിയ സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ പുതിയ സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ -കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പുരോഗതി

343 (3977) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ച് ഇനിയും ഏതെങ്കിലും വകുപ്പുകളിൽനിന്ന് എൻ.ഒ.സി.-യും അംഗീകാരവും ലഭിക്കേണ്ടതുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിർമ്മാണച്ചുമതല കെ.എസ്.ആർ.ടി.സി. നേരിട്ട് തന്നെ ഏറ്റെടുക്കുന്നുണ്ടോ ;

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് പണി ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) യു.ഡി.എഫ് സർക്കാരിന്റെ 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അനന്തമായി നീളുന്നതിലുള്ള പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനും നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly